പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 140

# 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 140

# 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

1258/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 140

# 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല

ആക്റ്റ് വീണ്ടും ഭേദഗതിചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 58-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ (2011-ലെ 3-ാം ആക്റ്റ്), 58-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 58. നിയമനങ്ങളിലെ സംവരണം.—അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിന്റെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17 എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, അനുയോജ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3-ാം ആക്റ്റ്) 58-ാം വകുപ്പ് പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനത്തിന്റെ സംഗതികളിൽ, പട്ടികജാതിക്കാർക്കും പട്ടികഗോത്രവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലെ നിയമനങ്ങൾക്കുള്ള സംവരണ ചട്ടങ്ങൾ ബാധകമാകുന്നതാണ്. എല്ലാ വകുപ്പുകളും ഒരു യൂണിറ്റായി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരുന്നതിലേയ്ക്കായി സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണവും സാമുദായികക്രമവും സംബന്ധിച്ച് ഒരു ഏകീകൃത വ്യവസ്ഥ കൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ഈ ആവശ്യത്തിലേയ്ക്കായി, അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിലെ സംവരണരീതിയും സാമുദായികക്രമവും സംബന്ധിച്ച് മറ്റ് സർവ്വകലാശാല ആക്റ്റുകളിലെ വ്യവസ്ഥകളുമായി ഐകരൂപ്യം കൈവരിക്കുന്നതിനായി 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3-ാം ആക്റ്റ്) പ്രസ്തുത വ്യവസ്ഥ, 2014-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ആക്റ്റിന് (2014-ലെ 26-ാം ആക്റ്റ്) അനുസൃതമായി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ജെ. ചിഞ്ചുറാണി.

(ശരിത്തർജ്ജമ )

# 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2011-ലെ 3-ാം ആക്റ്റ്)

** ** ** **

58. നിയമനങ്ങളിലെ സംവരണം.—സർവ്വകലാശാലയിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനത്തിന്റെ സംഗതികളിൽ, പട്ടികജാതിക്കും പട്ടികവർഗ്ഗത്തിനും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സർക്കാരിന്റെ കീഴിലുള്ള തസ്തികകളിലെ നിയമനങ്ങൾക്കുള്ള സംവരണ ചട്ടങ്ങൾ ബാധകമാകുന്നതാണ്.

** ** ** **